©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

### 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

2023 സെപ്റ്റംബർ 14- ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5) -ാം ഉപചട്ടപ്രകാരമുള്ളത്]

1029/2023

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനവും സാംസ്കാരികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 12-9-2023-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2023 സെപ്റ്റംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. പ്രസാദ്,

തിരുവനന്തപുരം,
2023 സെപ്റ്റംബർ 14.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

## അദ്ധ്യായം -I

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### കൃഷി വകുപ്പ്

#### ശിപാർശ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

വിഹിതം : 60,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇവർക്ക് പെൻഷനും ക്ഷാമബത്തയും, കുടിശ്ശികയും അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

#### സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം മലബാർ മാർക്കറ്റ് കമ്മിറ്റിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 30 ലക്ഷം രൂപ അനുവദിക്കണമെന്നു ശിപാർശ ചെയ്തിരുന്നെങ്കിലും 13.35 ലക്ഷം രൂപ മാത്രമേ അനുവദിച്ചു നൽകിയിട്ടുള്ളൂ.

#### ശിപാർശ

2401-00-001-86-99—ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ വിവരസാങ്കേതിക വിദ്യ

വിഹിതം : 8,15,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കംപ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയാറാക്കൽ എന്നിവയ്ക്കുമായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

ഓഫീസ് ഓട്ടോമേഷൻ ആന്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉത്തരവ് G.O(Rt) No.458/2022/AGRI തീയതി 26-5-2022 പ്രകാരം ആകെ 815.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടി പദ്ധതിയിൽ 'Procurement of Computers, accessories, networking, site preparation and ICT Infrastructure' എന്ന ഘടകത്തിൽ 318.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ഉപയോഗപ്പെടുത്തി ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെടുന്ന കാര്യങ്ങൾ നടത്തി വരുന്നു. ആകയാൽ ഈ ഘടകത്തിൽ അധിക തുക ആവശ്യമില്ല.

ശിപാർശ

2401-00-104-86-01-34 —ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ - മറ്റ് ചെലവുകൾ

വിഹിതം : 18,90,00,000 രൂപ (പദ്ധതിയേതരം)

കേരള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുകയിൽ കുടിശ്ശിക ഇനത്തിൽ നൽകുവാൻ ഉള്ള തുക പൂർണ്ണമായും നൽകുന്നതിനായി 131.68888 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്കു പുറമേ 16.004 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2401-00-104-67—കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

2022-23-ൽ പുതുതായി ആവിഷ്കരിച്ചതും ഓരോ പഞ്ചായത്തിലും 10 സെന്റ് മുതൽ 2 ഏക്കർ വരെയുള്ള കൃഷിയിടങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഫാംപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നതിനായുള്ള പദ്ധതിയായ 'കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ ഉൽപ്പാദന പൂർവ്വപിന്തുണ ഉൾപ്പെടെ' എന്ന പദ്ധതിക്കും പ്രാദേശിക

പ്രാധാന്യമുള്ള വിളകൾ, പയർ, കിഴങ്ങുവർഗ്ഗ വിളകളുടെ വികസനം, സുഗന്ധവ്യഞ്ജന വിളകളുടെ പരിപാലനം, മണ്ണിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് കക്ക മുതലായ വസ്തുക്കൾ നൽകുക, കവുങ്ങ് കൃഷി വികസനം മുതലായ പദ്ധതികൾക്കുള്ള തുകയുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 22 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപാദന പരിപാടികൾ-ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 22 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-105-86—<u>ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ</u>

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

മണ്ണ് പരിശോധന ലബോറട്ടറികളുടെ ശാക്തീകരണത്തിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപയും സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തിയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ലാബിനായി 65 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 65 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നെങ്കിലും തുകയൊന്നും അനുവദിച്ച നൽകിയിട്ടില്ല.

<u>ശിപാർശ</u>

2401-00-105-85—<u>ഓർഗാനിക് ഫാമിംഗ്</u>

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

ജൈവ കൃഷി-ഭാരതീയ പ്രകൃതി കൃഷി പദ്ധതി പ്രോത്സാഹനം എന്ന ഘടകത്തിനായി 2 കോടി രൂപയും പദ്ധതി നിർവ്വഹണത്തിനായുള്ള സഹായം എന്ന ഘടകത്തിലെ മാൻപവർ സപ്പോർട്ട് (ശമ്പള ഇനത്തിൽ)43.6306 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.4363 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 'ജൈവ കൃഷി-ഭാരതീയ പ്രകൃതി കൃഷി പ്രോത്സാഹനം' പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന മുഖേന 2.4363 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും 1000 രൂപ മാത്രമേ അനുവദിച്ചു നൽകിയിട്ടുള്ളൂ.

<u>ശിപാർശ</u>

2401-001-107-78—<u>വിളകളുടെ ആരോഗ്യ സംരക്ഷണം</u>

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

ജില്ലാ പ്ലാന്റ് ഹെൽത്ത് മാനേജർ, പെസ്റ്റ് സ്കൗട്ട് എന്നിവരുടെ സേവന വർദ്ധനവിനായി 95 ലക്ഷം രൂപയും, കെ.സി.പി.എം-ന്റെ ഓപ്പറേഷൻ ചെലവുകൾക്കായി 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

വിളകളുടെ ആരോഗ്യ സംരക്ഷണ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

2401-00-108-59—സുഗന്ധദ്രവ്യങ്ങളുടെ വികസനം

വിഹിതം : 3,60,00,000 രൂപ (പദ്ധതി)

2000 ഹെക്ടർ കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനത്തിനായി ഹെക്ടറിന് 10,000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 'സുഗന്ധദ്രവ്യങ്ങളുടെ വികസനം' പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 2 കോടി രൂപ അനുവദിക്കണമെന്നു ശിപാർശ ചെയ്തിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

ശിപാർശ

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കേരള കർഷക ക്ഷേമനിധി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിലേക്കാവുന്നതോടെ ബോർഡിന്റെ ചെലവുകളും ഓൺലൈൻ പോർട്ടലിന്റെ ചെലവുകളും വർദ്ധിക്കുമെന്നതിനാലും ബഡ്ജറ്റിൽ അനുവദിച്ച രൂപ അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 1 കോടി രൂപ അനുവദിക്കണമെന്നു ശിപാർശ ചെയ്തിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചു കിട്ടിയില്ല.

<u>ശിപാർശ</u>

2401-00-109-65-02—<u>അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതയോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60 %സി.എസ്.എസ്)- സംസ്ഥാന വിഹിതം</u>

വിഹിതം : 17,80,00,000 രൂപ (പദ്ധതി)

പ്രധാനമന്ത്രി ഫസൽ ഭീമ യോജന, നാളികേര വികസന ബോർഡ് എന്നിങ്ങനെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 42.3402 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതമായി പ്രധാനമന്ത്രി ഫസൽ ഭീമ യോജനയ്ക്ക് 2401-00-109-65-02 ഹെഡിൽ 3896.6 ലക്ഷം രൂപയും നാളികേര വികസന ബോർഡിന് 2401-00-103-74-01 ഹെഡിൽ 52.28 ലക്ഷം രൂപയും 2401-00-789-71-01 ഹെഡിൽ 11.3 ലക്ഷം രൂപയും 2401-00-796-70-01 ഹെഡിൽ 0.42 ലക്ഷം രൂപയും ചേർന്ന് ആകെ 64 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-800-91—<u>പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി</u>

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

2021-22 സാമ്പത്തിക വർഷത്തെ വിളനാശത്തിനു നൽകുവാൻ ആവശ്യമായ തുക, സംസ്ഥാന വിത്ത് വിതരണ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക, 2022-2023 സാമ്പത്തിക വർഷം വിളനാശത്തിനും രോഗകീട നിയന്ത്രണത്തിനും മടവീഴ്ചയ്ക്കും നൽകുവാൻ ആവശ്യമായ തുക എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 44.42 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

അധിക വിഹിതം അനുവദിച്ചിട്ടില്ല.

ശിപാർശ

2415-01-004-88—കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം : 25,00,000 രൂപ (പദ്ധതി)

ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ ശമ്പളവും, ശമ്പള കുടിശ്ശികയും, ഓഫീസ് ചെലവുകളും, ഗവേഷണത്തിനായുള്ള ചെലവുകളും കൂടി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിയ്ക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 50 ലക്ഷം രൂപ അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നതിൽ മുഴുവൻ തുകയും അനുവദിച്ചു നല്കിയിട്ടുണ്ട്.

ശിപാർശ

2435-01-101-85—വില സ്ഥിരതയ്ക്കു വേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം : 22,00,00,000 രൂപ(പദ്ധതി)

'വിലനിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ' എന്ന ഘടകത്തിനായി 2022-23 സാമ്പത്തിക വർഷത്തിലെ ഓണ വിപണികൾക്കും, പഴം പച്ചക്കറികളുടെ വിലനിയന്ത്രണത്തിനും, പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം എന്നീ പദ്ധതികളും നടപ്പിലാക്കേണ്ടതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 'വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടൽ' എന്ന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 10 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും 414.96 ലക്ഷം രൂപ മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

<u>ശിപാർശ</u>

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മൂല്യവർദ്ധിത കാർഷിക മിഷന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കാർഷിക മിഷന്റെ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ പുതിയ ശീർഷകം അനുവദിക്കണമെന്നു ശിപാർശ ചെയ്തിരുന്നുവെങ്കിലും 2405-00-800-94 എന്ന ശീർഷകത്തിൽ ടോക്കൺ അഡ്വാൻസ് ആയി 1000 രൂപ മാത്രമേ അനുവദിച്ചു നൽകിയിട്ടുള്ളൂ.

<u>ശിപാർശ</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം മൂല്യവർദ്ധിത കൃഷിയും മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ സർക്കാർ ആരംഭിക്കുന്ന മൂല്യവർദ്ധിത കാർഷിക ദൗത്യത്തിന്റെ ഭാഗമായി 7 ജില്ലകളിലായി കൃഷി വകുപ്പിന് കീഴിൽ 7 അഗ്രിടെക്ക് ഫെസിലിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 175 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം മൂല്യവർദ്ധിത കാർഷിക ദൗത്യത്തിന്റെ ഭാഗമായി 7 ജില്ലകളിലായി അഗ്രിടെക്ക് ഫെസിലിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന മുഖേന 175 കോടി രൂപ പുതിയ ശീർഷകം വഴി അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നുവെങ്കിലും ശീർഷകം/തുക അനുവദിച്ചു നൽകിയിട്ടില്ല.

<u>ശിപാർശ</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം ഇന്ത്യയിലും വിദേശത്തുമുള്ള കൃഷിയിടങ്ങൾ സന്ദർശിച്ച് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൃഷി ലാഭകരമാക്കുന്ന രീതിയിൽ കർഷകർക്ക് മനസിലാക്കാനുള്ള ഒരു നൂതന പദ്ധതിക്കായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം ഇന്ത്യയിലും വിദേശത്തുമുള്ള കൃഷിയിടങ്ങൾ സന്ദർശിച്ച് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് കൃഷി ലാഭകരമാക്കുന്ന രീതിയിൽ കർഷകർക്ക് മനസിലാക്കാനുള്ള ഒരു നൂതന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന മുഖേന 2 കോടി രൂപ പുതിയ ശീർഷകം വഴി അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ഘടകത്തിനായി അതുൾപ്പെടുന്ന 'കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ' പദ്ധതിയുടെ 2401-00-109-80 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും സ്മാർട്ട് കൃഷി ഭവൻ എന്ന ഘടകത്തിലെ ചെലവാകാതിരുന്ന 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള 'ജൈവകൃഷി മിഷൻ' രൂപീകരിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 'ജൈവകൃഷി മിഷൻ' ആരംഭിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ പുതിയ ശീർഷകം അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നുവെങ്കിലും 2401-00-105-85 എന്ന ശിർഷകത്തിൽ ടോക്കൺ അഡ്വാൻസ് ആയി 1000 രൂപ മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ.

<u>ശിപാർശ</u>

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള 'കുട്ടനാട് വികസന ഏകോപന കൗൺസിൽ' രൂപികരിക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ള കുട്ടനാട് വികസന ഏകോപന കൗൺസിൽ രൂപീകരിക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 5 കോടി രൂപ പുതിയ ശീർഷകം അനുവദിക്കണമെന്ന ശിപാർശ ചെയ്തിരുന്നെങ്കിലും 2401-00-119-78 ശീർഷകത്തിൽ ടോക്കൺ ആയി 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

**ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കായി നിലവിലുള്ള**

**ശീർഷകങ്ങളിൽ അധികമായി അനുവദിക്കേണ്ട തുക**

<u>ശിപാർശ</u>

കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആരംഭിച്ചിരിക്കുന്ന 'ഞങ്ങളും കൃഷിയിലേക്ക് ' എന്ന പദ്ധതിയുടെ വിപുലീകരണത്തിനും കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 5 കോടി രൂപ 2401-00-119-85 എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

<u>സ്വീകരിച്ച നടപടി</u>

നിയമസഭാ സമിതിയുടെ ശിപാർശ പ്രകാരം 'ഞങ്ങളും കൃഷിയിലേക്ക് ' എന്ന പദ്ധതിയുടെ വിപുലീകരണത്തിനും കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2022-23 സാമ്പത്തിക വർഷത്തിലെ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന 5 കോടി രൂപ 2401-00-119-85 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നെങ്കിലും ശീർഷകം/തുക അനുവദിച്ച് നൽകിയിട്ടില്ല.

**കേരള കാർഷിക സർവ്വകലാശാല**

<u>ശിപാർശ</u>

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം -ശമ്പളം</u>

വിഹിതം : 407,78,10,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ/അദ്ധ്യാപകരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡി.സി.ആർ.ജി കുടിശ്ശിക, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്തകുടിശ്ശിക, 2020-21 വിഹിതത്തിന്റെ അപര്യാപ്തത, 2022-23 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി 28.7038 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തേക്ക് കേരള കാർഷിക സർവ്വകലാശാലയ്ക്ക് ശമ്പളം, വേതനം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിന് പദ്ധതിയേതര വിഹിതം ആനുപാതികമായി വർദ്ധിപ്പിച്ച് 407.781 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

28.7038 കോടി രൂപ, 2022-23-ലേക്ക് അധിക പദ്ധതിയേതര വിഹിതമായി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അടിയന്തരമായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കണമെന്ന സർവ്വകലാശാല രജിസ്ട്രാറുടെ അപേക്ഷയിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും, ശീർഷകങ്ങളിൽ പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള അലോക്കേഷൻ പരിധി പാലിച്ചാണ്

തുക പിൻവലിക്കാൻ അനുവദിക്കുന്നതെന്നും, ആയതിനാൽ നിലവിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന അധികതുക അനുവദിക്കേണ്ടതില്ലെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്**

ശിപാർശ

2402-00-001-99—ഡയറക്ടറാഫീസും ജില്ലാ ഓഫീസുകളും

വിഹിതം : 13,41,89,000 രൂപ (പദ്ധതിയേതരം)

കബനി പദ്ധതിയിൽ ഉൾപ്പെട്ടവരും സൂപ്പർ ന്യൂമററിയായി നിലനിർത്തപ്പെട്ടതുമായ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

സാലറി ഇനത്തിൽ അപ്രോപ്രിയേഷൻ നിയന്ത്രണമില്ലാത്തതിനാൽ 2402-00-001-99 ശീർഷകത്തിലെ Medical Reimbursement ഒഴികെയുള്ള ശീർഷകങ്ങളിൽ അധിക ധനാനുമതി അനുവദിക്കാതെ തന്നെ തുക ചെലവഴിക്കാനും ചെലവ് അന്തിമ ധനപുനഃവിനിയോഗം വഴി ക്രമീകരിക്കാനും തീരുമാനിച്ചു. ആയതിനാൽ കബനി പദ്ധതിയിലുൾപ്പെട്ട ജീവനക്കാർക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് 2402-00-001-99 പദ്ധതിയേതര ശീർഷകത്തിൽ 3.27 കോടി രൂപ അധിക ധനാനുമതിയായി അനുവദിക്കേണ്ടതില്ല എന്ന് 13-1-2023-ലെ പി.ബി2/356/2020 നമ്പർ കത്ത് പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ശിപാർശ**

2402-00-101-90—മേഖലാ മണ്ണുപരിശോധനാ ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും.

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിന് പുതിയ വാഹനം വാങ്ങുന്നതിനും

സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 80 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

ലാബോറട്ടറികളുടെ ആധുനികവത്ക്കരണത്തിനും പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റിനു പുതിയ വാഹനം വാങ്ങുന്നതിനും സഞ്ചരിക്കുന്ന മണ്ണ് പരിശോധന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 2402-00-101-90 ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനർവിയോഗമോ അധിക ധനാഭ്യർത്ഥനയോ വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും നിലവിൽ 31.4% മാത്രമേ ലാബോറട്ടറി ശീർഷകത്തിൽ തുക വിനിയോഗിച്ചിട്ടുള്ളൂ.

ശിപാർശ

2402-00-101-86—മണ്ണ് പര്യവേഷണ വിഭാഗത്തിന് അധിക സൗകര്യങ്ങൾ

വിഹിതം : 90,00,000 രൂപ (പദ്ധതി)

മണ്ണ് പര്യവേഷണ ഓഫീസുകളിൽ e-office, e-service, e-Mobility സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഡോക്യുമെന്റേഷൻ, പ്രചാരണം, സെർവ്വർ, വെബ്സൈറ്റ് എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിനുമായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

മണ്ണ് പര്യവേഷണ വിഭാഗത്തിന് അധിക സൗകര്യങ്ങൾ എന്ന പദ്ധതി ശീർഷകത്തിൽ (2402-00-101-86) 2022-23 സാമ്പത്തിക വർഷത്തിൽ 90 ലക്ഷം രൂപ വകയിരുത്തിയതിൽ 34.96 ലക്ഷം രൂപയും (38.84%) സോയിൽ മ്യൂസിയം പദ്ധതിക്ക് അനുവദിച്ച 20 ലക്ഷം രൂപയിൽ (2402-00-101-83) 6.53 ലക്ഷം രൂപയും (32.65%) പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ചിട്ടുണ്ട്. അതോടൊപ്പം 2402-00-101-86 ശീർഷകത്തിൽ ബാക്കി നിൽക്കുന്ന തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം**

ശിപാർശ

2402-00-001-94-31—കേരള സംസ്ഥാന ബഹിദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി) (ധനസഹായം-ശമ്പളം)

വിഹിതം : 88,41,000 രൂപ (പദ്ധതിയേതരം)

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി 70.38 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 88.42 ലക്ഷം രൂപയിൽ മൂന്നു ഗഡുക്കളിലായി 57.34 ലക്ഷം രൂപ മാത്രമേ സാമ്പത്തിക പ്രതിസന്ധി മൂലം ധന വകുപ്പ് അനുവദിച്ചു നൽകിയിരുന്നുള്ളൂ. ടി സാഹചര്യത്തിൽ സമിതിയുടെ ശിപാർശ പ്രകാരമുള്ള അധിക വിഹിതം അനുവദിക്കുന്നതിന് സാധിച്ചിരുന്നില്ല.

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ശിപാർശ

2401-00-111-99—കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

2022-23 സാമ്പത്തിക വർഷത്തിൽ പതിനൊന്നാമത് കാർഷിക സെൻസസിന്റെ ഒന്നാംഘട്ട വിവരശേഖരണം നടത്തുന്നതിന്റെ ഭാഗമായി താൽക്കാലികമായി നിയമിക്കപ്പെട്ട 6500 എന്യൂമറേറ്റർമാരുടെ ഹോണറേറിയം, പരിശീലനം മുതലായ കാര്യങ്ങൾക്കായി 8.42 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

സ്വീകരിച്ച നടപടി

എന്യൂമറേറ്റർമാർക്കുള്ള പരിശീലന പരിപാടിയും ഹോണറേറിയത്തിന്റെ ഒരു ഗഡു തുകയും നൽകി. കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ സംസ്ഥാന ബഡ്ജറ്റിൽ

വകയിരുത്തിയിരുന്ന 200 ലക്ഷം രൂപയിൽ അധികരിച്ച് ലഭിച്ച 32.86 ലക്ഷം രൂപ Additional Authorization ആയി അനുവദിച്ചു. സർവ്വേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിന് താമസം ഉണ്ടായതിനാൽ 2023 ജനുവരിയിൽ മാത്രമാണ് സർവ്വേ ആരംഭിച്ചത്. ആയതിനാൽ 2022-23 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നില്ല.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

ശിപാർശ

2551-60-101-97 —കാസർഗോഡ് പാക്കേജ്

വിഹിതം : 75,00,00,000 രൂപ (പദ്ധതി)

മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും ഈ വർഷത്തെ പദ്ധതികൾക്കുമായി 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസരിച്ചാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തുന്നത്. കാസർഗോഡ് പാക്കേജിനായി ഈ സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 75 കോടി രൂപ ഇനിയും പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. 2551-60-101-97 Kasaragod Package PV ശീർഷകത്തിൽ നടപ്പ് വർഷത്തെ വിഹിതമായ 75 കോടി രൂപയിൽ 50.2853699 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷം കഴിയാറായതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതാണ്.

**കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്**

ശിപാർശ

2403-00-190-94—കെ.എസ്.പി.ഡി.സി.ക്ക് സഹായം

വിഹിതം : 7,50,00,000 രൂപ (പദ്ധതി)

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് വേണ്ടിയും ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടിയും 6.3125 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 2403-00-190-94 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 6.3125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ച് ലഭിച്ചാൽ മാത്രമേ കൂടുതൽ ഗുണഭോക്താക്കളിലേയ്ക്ക് ഈ ജനോപകാരപ്രദമായ സർക്കാരിന്റെ പദ്ധതി എത്തിയ്ക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ സമിതി ശിപാർശ ചെയ്ത 6.3125 കോടി രൂപ 2022-23 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടില്ല.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്**

ശിപാർശ

2403-00-190-93—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

വിഹിതം : 4,50,00,000 രൂപ (പദ്ധതി)

മാംസോൽപ്പാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ പഞ്ചായത്തിലെ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ സംസ്കരണ യൂണിറ്റിനായി 21 ലക്ഷം രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ പരിയാരം വില്ലേജിലുള്ള കാള, പോത്ത്, കിടാരി വളർത്തൽ കേന്ദ്രം എന്ന പദ്ധതിയ്ക്കായി 4 കോടി രൂപയും പക്ഷിമൃഗാദികളുടെ അറവുമാലിന്യം സംസ്കരിച്ച് ഉപോൽപ്പന്നങ്ങളായ എല്ലുപൊടി, ടാലോ, പെറ്റ്ഫുഡ് എന്നിവ നിർമ്മിച്ച് വിപണനത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി 1 കോടി രൂപയും ഭക്ഷ്യസുരക്ഷ അവയർനസ്സ് പ്രോഗ്രാമിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷ അടിസ്ഥാനമാക്കി കർഷകർ, ഉപഭോക്താക്കൾ, ബുച്ചറന്മാർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ എന്നിവർക്ക് ബോധവൽക്കരണത്തിനുള്ള പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയ്ക്കായി 1 കോടി രൂപയും ഉൾപ്പെടെ 6.21 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

## കേരള ഫീഡ്സ് ലിമിറ്റഡ്

ശിപാർശ

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി 16.1808 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സ്വീകരിച്ച നടപടി

ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള 16.1808 കോടി രൂപ കേരള ഫീഡ്സിന് അനുവദിച്ച് നൽകിയിട്ടില്ല.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

ശിപാർശ

2403-00-190-83—കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം : 19,13,98,000 രൂപ (പദ്ധതി)

ധോണി ഫാമിലെ ജലദൗർലഭ്യത പരിഹരിച്ച് അവിടെ പരിപാലിക്കപ്പെടുന്ന മുന്തിയ ഇനം ആട്/കന്നുകാലികൾക്കാവശ്യമായത്രയും തീറ്റപ്പുൽ ഉൽപാദിപ്പിക്കാവുന്ന രീതിയിൽ വിഭാവനം ചെയ്ത പദ്ധതി നടത്തിപ്പിനും നിലവിൽ മഴക്കാലത്ത് മഴവെള്ളം നഷ്ടപ്പെടുന്നത് തടയുന്നതിനും ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുള്ള സാദ്ധ്യതാ പഠനത്തിനായി 1.7945 കോടി രൂപയും സുസ്ഥിരവും സന്തുലിതവുമായി കൃഷിയും ഗ്രാമീണ സമൃദ്ധിയും പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി കർഷക ഉൽപ്പാദന സംഘങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും, സ്വയം പര്യാപ്തത കൈവരിച്ച്, പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ കർഷക ഉൽപ്പാദക സംഘങ്ങളിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും നൽകി സ്വയംപര്യാപ്തരാക്കുന്നതിനായി 10.52 ലക്ഷം രൂപയും ഉൾപ്പെടെ 1.8997 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 97-ാം ഖണ്ഡികയിൽ ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുകയായ 1.8997 കോടി രൂപ കെ.എൽ.ഡി. ബോർഡിന് അനുവദിച്ചു നൽകിയിട്ടില്ല.

**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

<u>ശിപാർശ</u>

2415-03-277-99-31—<u>കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളം</u>

വിഹിതം : 94,35,80,000 രൂപ (പദ്ധതിയേതരം)

സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്ക് കൊടുക്കാനുള്ള ഡി.സി.ആർ.ജി, ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിനാവശ്യമായ തുക, അദ്ധ്യാപകരുടെ യു.ജി.സി റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപകർക്കും തൊഴിലാളികൾക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക, വിരമിച്ചവർക്ക് നൽകാനുള്ള ക്ഷാമാശ്വാസ കുടിശ്ശിക, ഓഡിറ്റ് ചാർജ് കുടിശ്ശിക, കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ , മറ്റു ചെലവുകൾക്കായി അധികമായി ആവശ്യമാകുന്ന പ്രതീക്ഷിത ചെലവിനായി 108.6095 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

<u>സ്വീകരിച്ച നടപടി</u>

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയ്ക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ, മറ്റ് ചെലവുകൾക്കായി അധികമായി ആവശ്യമാവുന്ന പ്രതീക്ഷിത ചെലവിനുമായി 108.6095 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2415-03-277-99-36—<u>കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി- സഹായധനം- ശമ്പളേതരം</u>

വിഹിതം : 49,00,00,000 രൂപ (പദ്ധതി)

വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ്/ഇന്റേൺഷിപ്പ്/അസിസ്റ്റന്റ്ഷിപ്പ് എന്നിവ നൽകുന്നതിനായും പി.ജി, പി.എച്ച്.ഡി വിദ്യാർത്ഥികളുടെ അലവൻസ് വർദ്ധിപ്പിച്ച സാഹചര്യത്തിലും, കോവിഡ് പ്രതിസന്ധികാരണം മാറ്റിവച്ച സ്റ്റഡി ടൂർ നടത്തേണ്ടതിനായും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

<u>സ്വീകരിച്ച നടപടി</u>

വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ്/ഇന്റേൺഷിപ്പ്/അസിസ്റ്റന്റ്ഷിപ്പ് എന്നിവ നൽകുന്നതിനായും സ്റ്റഡി ടൂർ നടത്തേണ്ടതിനായും സമിതി ശിപാർശ ചെയ്ത 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX)-ന് കീഴിലാണ് വരുന്നത്. എന്നാൽ ടി സർവ്വകലാശാല മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മൃഗസംരക്ഷണം (XXXI)-ന് കീഴിൽ ഉൾപ്പെടുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

<u>സ്വീകരിച്ച നടപടി</u>

സർവ്വകലാശാലയുടെ ധനാഭ്യർത്ഥന നമ്പർ കൃഷി (XXIX)-ന് പകരം മൃഗസംരക്ഷണം (XXXI)-ന് കീഴിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ശീർഷകങ്ങൾ 29 കൃഷി എന്ന ധനാഭ്യർത്ഥനയിൽ നിന്നും 31 മൃഗസംരക്ഷണം എന്ന ധനാഭ്യർത്ഥനയിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**മത്സ്യബന്ധന വകുപ്പ്**

**<u>ശിപാർശ</u>**

2405-00-001-99—<u>നടത്തിപ്പ്</u>

വിഹിതം : 40,70,52,000 രൂപ (പദ്ധതിയേതരം)

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിൽ 5 ലക്ഷം രൂപയും കൺസോളിഡേറ്റഡ് പേയിൽ 2 ലക്ഷം രൂപയും ദിവസവേതനത്തിൽ 2 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ

28 ലക്ഷം രൂപയും ഓഫീസ് ചെലവ് മറ്റിനങ്ങളിൽ 5 ലക്ഷം രൂപയും റെന്റ് റേറ്റ് & ടാക്സ് ഇനത്തിൽ 2 ലക്ഷം രൂപയും വാഹനങ്ങളുടെ റിപ്പയർ & മെയിന്റനൻസ് ഇനത്തിൽ 1 ലക്ഷം രൂപയും അദർ ചാർജ്ജസ്- അദർ ഐറ്റംസിൽ 1 ലക്ഷം രൂപയും, പി.ഒ-എൽ-ൽ 5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 119)

<u>സ്വീകരിച്ച നടപടി</u>

2405-00-001-99 എന്ന ശീർഷകത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 5,53,000 രൂപയും, ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ 55,00,000 രൂപയും, റെന്റ് റേറ്റ് & ടാക്സ് ഇനത്തിൽ 9,36,000 രൂപയും അധിക ധനനാനുമതിയായി അനുവദിച്ചിട്ടുണ്ട്. കൺസോളിഡേറ്റഡ് പേ, ദിവസവേതനം, വാഹനങ്ങളുടെ റിപ്പയർ & മെയിന്റനൻസ്, office expense - other items, other charges-other items എന്നിവയിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-001-96—<u>ആസൂത്രണവും സ്ഥിതിവിവരക്കണക്കും</u>

വിഹിതം : 33,23,000 രൂപ (പദ്ധതിയേതരം)

ഈ ശിർഷകത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 50,000 രൂപയും യാത്രാബത്ത ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

<u>സ്വീകരിച്ച നടപടി</u>

2405-00-001-96 എന്ന ശീർഷകത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ 56,000 രൂപ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. യാത്രാബത്ത ഇനത്തിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2401-00-101-90—<u>ദേശീയ വിത്തുൽപാദന പരിപാടി</u>

വിഹിതം : 2,04,51,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ടൂർ ടി.എ. ഇനത്തിൽ 50,000 രൂപയും ടെലിഫോൺ ചാർജ്ജിനത്തിൽ 10,000 രൂപയും ഓഫീസ് എക്സ്പെൻസ് - അദർ ഐറ്റത്തിൽ 25,000

രൂപയും അദർ ചാർജ്ജസ് അദർ ഐറ്റംസിൽ 1.5 ലക്ഷം രൂപയും ഉൾപ്പെടെ 2.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സ്വീകരിച്ച നടപടി</u>

2405-00-101-90 എന്ന ശീർഷകത്തിൽ ഓഫീസ് എക്സ്പെൻസ്-അദർ ഐറ്റംസ് ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല. ടൂർ ടി.എ, ടെലിഫോൺ ചാർജ്ജസ്-അദർ ഐറ്റംസ് എന്നിവയിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-101-87 —<u>നഴ്സറികൾ സ്ഥാപിക്കൽ</u>

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

നിലവിലുള്ള ഹാച്ചറികളുടെയും മത്സ്യവിത്ത് ഫാമുകളുടെയും നടത്തിപ്പിനും പരിപാലനത്തിനുമായി ആവശ്യമായ പ്രജനന മത്സ്യങ്ങൾ, മത്സ്യത്തീറ്റ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

<u>സ്വീകരിച്ച നടപടി</u>

2405-00-101-87 (പദ്ധതിയേതരം) ശീർഷകത്തിൽ 116.95 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റായി അനുവദിക്കുന്നതിനായി 1st ബാച്ച് എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തി നൽകുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞില്ല. ടി ശീർഷകത്തിൽ റീ അപ്രോപ്രിയേഷൻ മുഖേന 20 ലക്ഷം രൂപ അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2405-00-101-54—<u>മത്സ്യകൃഷി വികസനം</u>

വിഹിതം : 66,62,00,000 രൂപ (പദ്ധതി)

മത്സ്യകൃഷിക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

<u>സ്വീകരിച്ച നടപടി</u>

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-101-54(P) ശീർഷകത്തിൽ 500.00 ലക്ഷം രൂപ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തി നൽകുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2401-00-101-48—<u>അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ</u>

വിഹിതം : 7,11,00,000 രൂപ (പദ്ധതി)

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി IEC പ്രവർത്തനങ്ങൾ, മാനവശേഷി പ്രവർത്തനങ്ങൾ, മത്സ്യകർഷക ക്ലബ്ബുകൾ, സാങ്കേതിക വിദ്യ ഏറ്റെടുക്കൽ, ജലകൃഷി അവാർഡുകൾ, റിസ്ക് മിറ്റിഗേഷൻ എന്നീ പ്രവർത്തനങ്ങൾക്കും 560 അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ സേവനത്തിനുമായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-101-48(P) ശീർഷകത്തിൽ 100.00 ലക്ഷം രൂപ ഫൈനൽ ബാച്ച് എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തി നൽകുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

2405-00-103-99—<u>സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് വേണ്ടി അതിർത്തി മേഖലകളിൽ റോന്തു ചുറ്റൽ</u>

വിഹിതം : 9,32,73,000 രൂപ (പദ്ധതിയേതരം)

പുതിയതായി ആരംഭിച്ച 4 പുതിയ ഫിഷറീസ് സ്റ്റേഷനുകളുടെ ശമ്പള ഇനത്തിലേക്കായി 2.29 കോടി രൂപയും കൺസോളിഡേറ്റഡ് പേ ഇനത്തിൽ 7.10 ലക്ഷം രൂപയും ടൂർ ടി.എ. ഇനത്തിൽ 50,000 രൂപയും ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 10,000 രൂപയും ടെലിഫോൺ ചാർജ്ജിനത്തിൽ 60,000 രൂപയും ഓഫീസ് എക്സ്പെൻസ്

അദർ ഐറ്റംസിൽ 1 ലക്ഷം രൂപയും റെന്റ് റേറ്റ് & ടാക്സിൽ 1 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.393 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

2405-00-103-99 എന്ന ശീർഷകത്തിൽ 2022-2023 സാമ്പത്തിക വർഷത്തിൽ റെന്റ് റേറ്റ് & ടാക്സ് ഇനത്തിൽ 2,95,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്. ശമ്പള ഇനം, കൺസോളിഡേറ്റഡ് പേ, ടൂർ ടി.എ, ടെലിഫോൺ ചാർജ്ജ്, ഓഫീസ് എക്സ്പെൻസ്, അദർ ഐറ്റംസ് എന്നീ ഇനങ്ങളിൽ അധികതുക അനുവദിച്ചിട്ടില്ല. ട്രാൻസ്ഫർ ടി.എ. ഇനത്തിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നതിനാൽ അധിക തുക വേണ്ടി വന്നില്ല.

<u>ശിപാർശ</u>

2405-00-103-84-33—<u>മത്സ്യതൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം സബ്സിഡികൾ</u>

വിഹിതം : 45,00,00,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അളവിൽ മണ്ണെണ്ണ 25 രൂപ നിരക്കിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. മണ്ണെണ്ണ പെർമിറ്റ് ജോയിന്റ് വെരിഫിക്കേഷനിൽ 14332 എഞ്ചിനുകൾ യോഗ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 124 രൂപയും സിവിൽ സപ്ലൈസ് മുഖേന വിതരണം ചെയ്യുന്ന നോൺ പി.ഡി.എസ്. മണ്ണെണ്ണയുടെ വില 82 രൂപയുമാണ്. മത്സ്യഫെഡ് വഴി എഞ്ചിനുകൾക്ക് പ്രതിമാസം 300 ലിറ്റർ മണ്ണെണ്ണ 50 രൂപ സബ്സിഡിയോട് കൂടിയും സിവിൽ സപ്ലൈസ് വകുപ്പുവഴി നിലവിൽ എഞ്ചിന്റെ കുതിരശക്തി അടിസ്ഥാനമാക്കി അനുവദിക്കുന്ന മണ്ണെണ്ണയും ഒരേ വിലയിൽ അനുവദിക്കുന്നതിന് യഥാക്രമം 257.98 കോടി രൂപയും 19.68 കോടി രൂപയും ഉൾപ്പെടെ 278 കോടി രൂപ ആവശ്യമാണ്. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 233 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-103-82-33—സംയോജിത മത്സ്യബന്ധന വികസനപദ്ധതി (എൻ.സി.ഡി.സി. സഹായം ) - സംസ്ഥാന വിഹിതം- സബ്സിഡികൾ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള ഐ.എഫ്.ഡി.പി. 2019-20, സ്പെഷ്യൽ സപ്പോർട്ട് സ്കീം 2018 എന്നീ പദ്ധതികളിലായി ലഭിക്കുവാനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ കേന്ദ്രസർക്കാർ വിഹിതമായി 9 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 1.3277 കോടി രൂപയും ഉൾപ്പെടെ 10.3277 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 10.3277 കോടി രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-103-72—പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജണൽ കൺട്രോൾ റൂമുകളും സ്ഥാപിക്കൽ

വിഹിതം : 1,00,000 രൂപ (പദ്ധതിയേതരം)

പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമിന്റെയും റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 39 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

മാസ്റ്റർ കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്കായി 39 ലക്ഷം രൂപ എസ്.ഡി.ജി. മുഖേന അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2405-00-103-69—ശുചിത്വസാഗരം- ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതി

വിഹിതം : 50,00,000 രൂപ (പദ്ധതി)

കടലിനേയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനായി കടലും തീരവും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള തീവ്രയജ്ഞപരിപാടിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചില്ല.

ശിപാർശ

2405-00-105-88—തീരമൈത്രി സൂപ്പർമാർക്കറ്റ് - സബ്സിഡികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

തീരമൈത്രി സൂപ്പർമാർക്കറ്റ്-സപ്ലൈകോ ശബരി ബ്രാന്റ് & എഫ്.എം.സി.ജി. സബ്സിഡൈസ്ഡ് ഐറ്റംസിന് നൽകുന്നതിനായി 24.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

സ്വീകരിച്ച നടപടി

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-105-88 (പദ്ധതിയേതരം) ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 30,82,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ

2405-00-105-86—മത്സ്യമാർക്കറ്റുകളുടെ നവീകരണം, മൂല്യവർദ്ധനവ്, വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ

വിഹിതം : 3,50,00,000 രൂപ (പദ്ധതി)

ഫിഷ് മാർട്ടുകൾ, 5 ജില്ലകളിലായി ബേസ് സ്റ്റേഷൻ, 10 അന്തിപ്പച്ച യൂണിറ്റുകൾ, മുളക്കുഴ, തലശ്ശേരി എന്നിവിടങ്ങളിൽ ബേസ് സ്റ്റേഷൻ &വാല്യു അഡിഷൻ, കൊച്ചി

ഐസ്&ഫ്രീസിംഗ് പ്ലാന്റിന്റെ നവീകരണം, സമുദ്ര ബസ്സ് സർവ്വീസ്, നൂറനാട് മത്സ്യമാർക്കറ്റ് എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

<u>സ്വീകരിച്ച നടപടി</u>

8 കോടി രൂപ അധികമായി വകയിരുത്തുന്നതിന് 2022-23 വർഷം ആദ്യ ബാച്ച് എസ്.ഡി.ജി മുഖേന അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2405-00-109-98—<u>മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും</u>

വിഹിതം : 8,50,20,000 രൂപ (പദ്ധതിയേതരം)

മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും ഓഫീസ് എക്സ്പെൻസ് അദർഐറ്റംസിൽ 75,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

<u>സ്വീകരിച്ച നടപടി</u>

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-109-98 എന്ന ശീർഷകത്തിൽ office expense other items ഇനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2405-00-109-95—<u>പരിശീലനവും വിപുലീകരണവും</u>

വിഹിതം : 25,18,000 രൂപ (പദ്ധതിയേതരം)

മെഡിക്കൽ റീഇംബേഴ്സ്മെന്റിന് 15,000 രൂപയും യാത്രാബത്തയിൽ 20,000 രൂപയും സ്ഥലംമാറ്റബത്തയിൽ 10,000 രൂപയും വെള്ളക്കരത്തിന് 5,000 രൂപയും ഓഫീസ് ചെലവുകൾ മറ്റിനത്തിൽ 1.7 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, വേതനം എന്നിവയ്ക്ക് 23 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 25.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

<u>സ്വീകരിച്ച നടപടി</u>

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-109-95 എന്ന ശീർഷകത്തിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 15,000 രൂപയും, യാത്രാബത്ത ഇനത്തിൽ 20,000 രൂപയും, ഓഫീസ് എക്സ്പെൻസ് - അദർ ഐറ്റംസ് ഇനത്തിൽ 20,000 രൂപയും, ജീവനക്കാരുടെ ശമ്പള ഇനത്തിൽ 10,00,000 രൂപയും അധിക തുകയായി അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. സ്ഥലമാറ്റ ബത്ത, വെള്ളക്കരം എന്നീ ഇനങ്ങളിൽ തുക നീക്കിയിരുപ്പ് ഉണ്ടായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-110-96-33—<u>മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി</u>

വിഹിതം : ഇല്ല (പദ്ധതി)

പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന ബോട്ടുകളിലെ 225 മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനുകളാക്കുന്നതിന് എഞ്ചിൻ ഒന്നിന് 40% പരമാവധി 40,000 രൂപ വീതം സബ്സിഡി നൽകുന്നതിന് 90 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2405-00-120-98-66—<u>ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയനിർവ്വഹണം സ്റ്റാഫിനുള്ള ധനസഹായം</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ലിംഗസമത്വ സ്ത്രീ ശാക്തീകരണ നയനിർവ്വഹണത്തിനായി സ്റ്റാഫിനുള്ള ധനസഹായമായി 9.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

സ്വീകരിച്ച നടപടി

2022-2023 സാമ്പത്തിക വർഷത്തിൽ 2405-00-120-98-66(NP) ശീർഷകത്തിൽ തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-121-97—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

വിഹിതം : 25,00,00,000 രൂപ (പദ്ധതിയേതരം)

സ്വാശ്രയ കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുകൂടി വിദ്യാഭ്യാസ ആനുകൂല്യം പുതുതായി നൽകുന്നതിന് 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സ്വീകരിച്ച നടപടി

10 കോടി രൂപ റീ-അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-121-95—ട്രോളിംഗ് നിരോധനസമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ട്രോളിംഗ് നിരോധനസമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം നൽകുന്നതിനായി 4.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-121-93—മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി

വിഹിതം : 35,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞ മാസകാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 5 തവണകളായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായി 3000 രൂപയും ചേർത്ത് 4500 രൂപ മൂന്ന് തവണകളായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്. ഇതനുസരിച്ച് 1,80,000 ത്തോളം മത്സ്യത്തൊഴിലാളികൾ 2021-22 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2022-23 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ പദ്ധതി വിഭാവനം ചെയ്ത രൂപത്തിൽ ധനസഹായം അനുവദിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 17.62 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 36,25,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-121-92—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പ്രീമിയം കൂടിയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 139)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 3,79,37,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00 -188 -99-31—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സഹായധനം - ശമ്പളം

വിഹിതം: 16,65,40,000 രൂപ (പദ്ധതിയേതരം)

പുതിയതായി അനുവദിച്ചിട്ടുള്ള 24 അനദ്ധ്യാപക തസ്തികകൾക്ക് ആനുപാതികമായിട്ടുള്ള വർദ്ധനവ്, നിലവിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുന്നത് വഴി ഉണ്ടാകുന്ന അധിക ചെലവ്, ഏഴാമത് യു.ജി.സി ശമ്പള പരിഷ്കരണം മൂലം ഉണ്ടായിട്ടുള്ള അധിക ചെലവ്, അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണം എന്നിവ വഴി ഉണ്ടായിട്ടുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 7.7217 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 140)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00 -190 -95—കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കമ്പനി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും അലങ്കാര മത്സ്യമാർക്കറ്റിംഗ് വിപുലീകരിക്കുന്നതിനും കമ്പനി ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 141)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00 -190 -94 -66—ലിംഗ സമത്വ സ്ത്രീ ശാക്തീകരണ നയ നിർവ്വഹണം-മത്സ്യ ഫെഡിനുള്ള ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/സ്കിൽ ട്രെയിനിംഗ് നൽകുന്നതിന് 9.99 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00 -800 -91—കേരള അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസിക്ക് (അഡാക്ക്) ഒറ്റത്തവണ സഹായം

വിഹിതം : ഇല്ല (പദ്ധതിയേതരം)

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ മത്സ്യകൃഷി/വിത്തുല്പാദന പ്രവർത്തനങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കാൻ കഴിയാത്തതിനാൽ അഡാക്ക് സാമ്പത്തിക പ്രതിസന്ധിയിലാകുകയും കഴിഞ്ഞ സീസണിൽ ആവശ്യത്തിന് പ്രവർത്തന മൂലധനമില്ലാത്തതിനാൽ മത്സ്യകൃഷി/മത്സ്യ വിത്തുൽപാദന പ്രവർത്തനങ്ങൾ കോവിഡിന് മുമ്പുള്ള കാലഘട്ടത്തിലെന്ന പോലെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു. പ്രവർത്തനങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് അഡാക്കിന് അനുവദിക്കുന്നതിലേക്കായി 2.61 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

സ്വീകരിച്ച നടപടി

അധിക ധനാനുമതി മുഖേന 2.61 കോടി രൂപ അഡാക്കിന് അനുവദിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-800-90—2018-19 പലിശ സബ്സിഡി നിലവിൽ വരുന്നതിനു മുമ്പ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

മത്സ്യത്തൊഴിലാളികൾക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിന് മുമ്പ് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് 28.52 കോടി രൂപ വേണ്ടി വരുമെന്ന് സമിതി മനസിലാക്കുന്നു. 3 ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ച പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് 2022-23 വർഷം 5 കോടി രൂപ മത്സ്യഫെഡ് തനത് ഫണ്ടിൽ നിന്ന് വിനിയോഗിച്ചതിനാൽ 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

2405-00-800-27—മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ പരമ്പരാഗത യാനങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയിൻകീഴിൽ കൊണ്ടുവരുന്നതിന് ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശിപാർശ

4405-00 -101 -90—അക്വാകൾച്ചർ ഡെവലപ്പ്മെന്റ്

വിഹിതം : ഇല്ല (പദ്ധതി)

മുൻവർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള ഫീഡ് മിൽ സ്ഥാപിക്കൽ, ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ എന്നിവയുടെ ഭരണാനുമതി ലഭിച്ച പ്രവർത്തികളുടെ പൂർത്തീകരണത്തിനായി 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സ്വീകരിച്ച നടപടി

'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഫിഷ് ഫീഡ് മിൽ തലായ് ' എന്ന പദ്ധതിക്കായി ടി ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന 214.39 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 'ഡെമോൺസ്ട്രേഷൻ യൂണിറ്റ് അറ്റ് പീച്ചി' എന്ന പദ്ധതിയ്ക്കായി റീ-അപ്രോപ്രിയേഷൻ മുഖേന 3,56,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

ശിപാർശ

4405-00 -103 -98 —സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

ഭരണാനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ളതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ഐ.എഫ്.ഡി.പി 2020-21 പദ്ധതി പൂർത്തീകരിക്കുന്നതിനായി സർക്കാരിന്റെ ഓഹരി മൂലധനമായി 8.2417 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 824.17 ലക്ഷം രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00 -103 -94 – തീരദേശ റോഡുകളുടെ നവീകരണം

വിഹിതം : 84,00,00,000 രൂപ (പദ്ധതിയേതരം)

തീരദേശ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിലേക്കായി 20 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 148)

സ്വീകരിച്ച നടപടി

4405-00 -103 -94-തീരദേശ റോഡുകളുടെ നവീകരണം ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 5417.75 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00-103-92—വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം : ഇല്ല (പദ്ധതി)

തിരുവനന്തപുരം ജില്ലയിലെ 8 മത്സ്യഗ്രാമങ്ങളിൽ കൃത്രിമ പാര് നിക്ഷേപം നടത്തി പദ്ധതി പൂർത്തിയാക്കിയ ഇനത്തിൽ അനുവദിക്കാനുള്ള ബിൽ തുക 2.1385 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 149)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 4,01,30,000 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

4405-00 -104 -61—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം

വിഹിതം : 60,00,000 രൂപ (പദ്ധതി)

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

സ്വീകരിച്ച നടപടി

2022-23 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ സബ്ഡിവിഷൻ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ടി ശീർഷകത്തിൽ നിന്നും

27.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതി നിർവ്വഹണത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകൾ മൂലധന ശീർഷകത്തിൽ നിന്നും മാറ്റി നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി ശമ്പള/ശമ്പള ഇതര ചെലവുകൾ വഹിക്കുന്നതിന് 2-9-2022-ലെ സ.ഉ.(സാധാ) നമ്പർ 555/2022/മ.തു.വ. പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ജീവനക്കാരുടെ വേതനം 4405-00-104-61 എന്ന ശീർഷകത്തിൽ നിന്ന് 07/2022-ന് ശേഷം ചെലവഴിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00 -104 -59—<u>ചേറ്റുവ മത്സ്യബന്ധന തുറമുഖം</u>

വിഹിതം : 52,00,000 രൂപ (പദ്ധതി)

ചേറ്റുവ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 151)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ ചേറ്റുവ മത്സ്യബന്ധന തുറമുഖ സബ്ഡിവിഷനിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ടി ശീർഷകത്തിൽ നിന്നും 20.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചേറ്റുവ മത്സ്യബന്ധന തുറമുഖ സബ്ഡിവിഷനിലെ പദ്ധതി നിർവ്വഹണത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് മൂലധന ശീർഷകത്തിൽ നിന്നും മാറ്റി നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി ശമ്പള/ശമ്പള ഇതര ചെലവുകൾ വഹിക്കുന്നതിന് 2-9-2022-ലെ സ.ഉ.(സാധാ) നം.555/2022/മ.തു.വ. പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ജീവനക്കാരുടെ വേതനം 4405-00 -104 -59 എന്ന ശീർഷകത്തിൽ നിന്ന് 07/2022-ന് ശേഷം ചെലവഴിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00 -104 -58 —<u>ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം</u>

വിഹിതം : 50,00,000 രൂപ (പദ്ധതി)

ചെറുവത്തൂർ സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേക്കായി

ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 152)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ഡിവിഷനു കീഴിലുള്ള ചെറുവത്തൂർ സബ്ഡിവിഷൻ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി ടി ശീർഷകത്തിൽ നിന്നും 17.90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖ സബ്ഡിവിഷനിലെ തസ്തികകൾക്ക് മൂലധന ശീർഷകത്തിൽ നിന്നും മാറ്റി നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി ശമ്പള/ശമ്പള ഇതര ചെലവുകൾ വഹിക്കുന്നതിന് 2-9-2022-ലെ സ.ഉ.(സാധാ) നമ്പർ 555/2022/മ.തു.വ. പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ജീവനക്കാരുടെ വേതനം 4405-00 -104 -58 എന്ന ശീർഷകത്തിൽ നിന്ന് 07/2022-ന് ശേഷം ചെലവഴിച്ചിട്ടില്ല. ആയതിനാൽ ടി ശീർഷകത്തിൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00 -104 -55—<u>മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ</u>

വിഹിതം : ഇല്ല (പദ്ധതി)

മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 153)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 82.86 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-109-98—<u>മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും</u>

വിഹിതം : 1,20,00,000 രൂപ (പദ്ധതി)

2021-22-ൽ ഭരണാനുമതി നൽകിയ ബേപ്പൂർ ഫിഷറീസ് ട്രെയിനിംഗ് സെന്ററിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ശക്തികുളങ്ങര മത്സ്യഭവന് പുതിയ കെട്ടിടം

നിർമ്മിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 154)

<u>സ്വീകരിച്ച നടപടി</u>

പ്രതീക്ഷിച്ച വർക്ക് ബില്ലുകൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാകാത്തതിനാൽ തുക അധികമായി ആവശ്യം വന്നില്ല.

<u>ശിപാർശ</u>

4405-00-800-75—<u>നിയമസഭാ നിയോജകമണ്ഡലം-ആസ്തി വികസന പദ്ധതി (എൽ.എ.സി.എ.ഡി.എസ്.)</u>

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

പ്രസ്തുത പദ്ധതിയിലെ ശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കുന്നതിലേയ്ക്കായി 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 155)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 203.29 ലക്ഷം രൂപ അധികാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

6405-00-195-99—<u>മത്സ്യബന്ധന വികസനത്തിന് സമഗ്രനിർദ്ദേശങ്ങൾ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി സഹായം)</u>

വിഹിതം : ഇല്ല (പദ്ധതി)

മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ നിലവിലുള്ള മത്സ്യബന്ധനോപാധികൾക്ക് പകരം പുതിയവ നൽകൽ, ഉത്പാദനോപാധികൾ നൽകൽ, മത്സ്യക്കച്ചവടത്തിനായുള്ള പ്രവർത്തന മൂലധനം/ മാർജിൻമണി നൽകൽ, മത്സ്യവിപണനത്തിനും മത്സ്യബന്ധന ഉൽപ്പന്നങ്ങളും മാനേജ്മെന്റിനും ആവശ്യമായ പശ്ചാത്തല സൗകര്യ വികസനം, പരിശീലനം, വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന

പദ്ധതി എന്നീ പ്രവർത്തനങ്ങൾക്ക് സഹായം നൽകുന്നതിനായി 12 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 156)

<u>സ്വീകരിച്ച നടപടി</u>

6405-00-195-99 (P) ശീർഷകത്തിന് പകരമായി 6405-00-105-97(P) ശീർഷകത്തിൽ 12 കോടി രൂപ വകയിരുത്തിയിരുന്നു. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യബന്ധന വികസന പദ്ധതിയ്ക്കായി 6405-00-105-97 (പദ്ധതി) ശീർഷകത്തിൽ 1416.33 ലക്ഷം രൂപ അധിക തുകയായും അനുവദിച്ചിട്ടുണ്ട്.

2023-24 വർഷത്തെ ബഡ്ജറ്റിൽ ഇത് 6405-00-195-99(P) ശീർഷകത്തിലേക്ക് മാറ്റിയിട്ടുണ്ട്.

**ശീർഷകം പുനഃസ്ഥാപിക്കുന്നതിന്**

<u>ശിപാർശ</u>

തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2405-00-103-74 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 157)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 22,72,000 രൂപ ധനപുനഃവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി 2021-22 വർഷം 3.03 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു. ആയത് മത്സ്യഫെഡിന് നൽകുന്നതിനായി 2405-00-105-96 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 3.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

<u>സ്വീകരിച്ച നടപടി</u>

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി വകയിരുത്തിയിരുന്ന തുക മത്സ്യഫെഡിന് നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷത്തിൽ 2405-00-105-96 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 3.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ കഴിഞ്ഞില്ല.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

<u>ശിപാർശ</u>

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യവിത്ത് നിയമം (2014) നടപ്പാക്കുന്ന ആവശ്യത്തിലേയ്ക്ക് Central Inspection Cum Enforcement Squad രൂപീകരിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

<u>സ്വീകരിച്ച നടപടി</u>

2022-23 സാമ്പത്തിക വർഷത്തിൽ പുതിയ ശീർഷകവും തുകയും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>ശിപാർശ</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യസംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 160)

<u>സ്വീകരിച്ച നടപടി</u>

ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യ സംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പിലാക്കുന്നതിലേക്കുള്ള 5.2 കോടി രൂപയുടെ പദ്ധതിയായ 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് വാല്യൂ ആഡെഡ് പ്രൊഡക്ഷൻ സെന്റർ, ചെങ്ങന്നൂർ, മുളക്കുഴ' എന്ന പദ്ധതിയ്ക്ക് നബാർഡ് ആർ.ഐ.ഡി.എഫ് ട്രാൻച്ചേ XXVIII പ്രകാരം 4405-00-104-53 (P) എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കപ്പെട്ട ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യത്തിനും മത്സ്യ ഉൽപന്നങ്ങൾക്കും ന്യായവില ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് 1000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 161)

<u>സ്വീകരിച്ച നടപടി</u>

ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യത്തിനും മത്സ്യ ഉൽപന്നങ്ങൾക്കും ന്യായവില ലഭ്യമാക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം പുതിയ ശീർഷകവും തുകയും അനുവദിക്കുവാൻ കഴിഞ്ഞില്ല.

<u>അദ്ധ്യായം II</u>

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നുള്ള മറുപടി സ്റ്റേറ്റുമെന്റുകൾ ലഭിക്കാത്ത ഖണ്ഡികകൾ.

| **വകുപ്പ്** | **ശിപാർശ/ഖണ്ഡികകൾ** |
|---|---|
| കൃഷി | 3, 5-8, 14, 15, 18-43, 45, 47, 49, 52, 53, 54, 56, 60, 61, 66-69, 73-76 |
| മൃഗസംരക്ഷണം | 77-93 |
| ക്ഷീരവികസനം | 101-118 |

പി. പ്രസാദ്,

തിരുവനന്തപുരം,
2023 സെപ്റ്റംബർ 12.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*